പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ വനജാഗ്രതാസമിതി, വനസംരക്ഷണ സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും വനപ്രദേശങ്ങളിൽ അപരിചിതരായ ആളുകൾ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും ഇക്കാര്യത്തിൽ ബോധവൽക്കരണം നൽകുകയും ചെയ്തുവരുന്നു.

(സി) മാവോയിസ്റ്റുകളെ നേരിടുന്നതിനായി വനംവകപ്പ് ഉദ്യോഗസ്ഥർക്ക് ആധുനിക ആയുധങ്ങളും പരിശീലനവും നൽകിയിട്ടില്ല.

കണ്ടൽക്കാടുകളുടെ സംരക്ഷണം

296 (2125) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത കണ്ടൽ വനങ്ങളുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് വനം വകപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനുള്ള വകപ്പുതല ഉദ്യോഗസ്ഥ വിന്യാസം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ കണ്ടൽ വനങ്ങൾ ഉണ്ടെന്നുള്ള പഠനം അടുത്തകാലത്ത് നടത്തിയിട്ടില്ല എന്നിരുന്നാലും ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ 1671 ഹെക്ടർ കണ്ടൽ വനങ്ങളുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	-	23	ഹെക്ടർ
കൊല്ലം	-	58	,,
ആലപ്പുഴ	-	90	,,
കോട്ടയം	-	80	,,
എറണാകുളം	-	260	,,
തൃശ്ശൂർ	-	21	,,
മലപ്പുറം	-	12	,,
കോഴിക്കോട്	-	293	,,
കണ്ണൂർ	-	755	,,
കാസർഗോഡ്	-	79	,,
	ആകെ -	1671	,,

LIBRARY ARCHIVES Kerala Legislative Assembly

(ബി) The Kerala Promotion of tree growth in Non Forest Areas(Amendment Act 2007) Section 6 (3) പ്രകാരം സ്വകാര്യ കണ്ടൽക്കാടുകൾ പ്രത്യേക വിജ്ഞാപനം വഴി സംരക്ഷിക്കേണ്ടതും നശിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കേണ്ടതുമാണ്. കൂടാതെ കണ്ടൽവനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷമായ 2010-ൽ കണ്ടല്കൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് പദ്ധതി തയ്യാറാക്കുകയും ആയതിന് സർക്കാർ 14-9-2010-ൽ ജി.ഒ.(ആർ.റ്റി) 402/12/എഫ്. ആന്റ് ഡബ്ല്യു. എൽ.ഡി. പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള കണ്ടല്കളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, കണ്ടൽ തൈകൾ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ സംരക്ഷിച്ചു നിലനിർത്താൻ താൽപ്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000 രൂപ പാരിതോഷികമായി നൽകുക. കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വാഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടല്കളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ ആണ് വനംവകുപ്പ് കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കിവരുന്നത്.

(സി) അതാതു ജില്ല സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 7-3-2014-ലെ Kerala Coastal Zone പ്രകാരം അതാത് ജില്ലാ കളക്ടർമാർക്ക് അവരവരുടെ അധികാരപരിധിയിൽ വരുന്ന കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് ഭംഗം വരുത്തുന്നവർക്കെതിരെ Environmental Protection Act 1986 Section 19 പ്രകാരം നടപടിയെടുക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

2011-12-ലെ ബഡ്ജറ്റിൽ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

297 (2126) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ആ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനോ ലക്ഷ്യത്തിൽ എത്താനോ കഴിയാത്ത പദ്ധതികൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly